# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2399** **07.02.2019-ൽ മറുപടിക്ക്**

## കൊരട്ടി വൈഗൈ ത്രഡ്സിന്റെ സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി**

**ഉത്തരം**

**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ, സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലം തിരിച്ചെടുക്കുന്നതിനും മറ്റ് വികസന ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(എ) (ബി) & (സി) കൊരട്ടി വൈഗൈ ത്രഡ്സ് പ്രൊസ്സസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്കു സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകിയിരുന്ന 84.85½ ഏക്കർ ഭൂമിയിൽ 7.85½ ഏക്കർ ഭൂമി എൻ.എച്ച് വിപുലീകരണത്തിനും 1 ഏക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും കൈമാറിയതിന് ശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂവകുപ്പ് തിരികെ എടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി.വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെ എടുത്തു ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹു.കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതുകൊണ്ടു തന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്തു ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു.ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല.

ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂമിയിൽ പ്രവേശിക്കുവാൻ കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ വ്യവസായസംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ